# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 132** — **08-08-2023 - ൽ മറുപടിയ്ക്ക്**

### കായിക തരാം ലിതാരയുടെ മരണത്തെ തുടർന്നുള്ള അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കായികതാരവും ബീഹാറിലെ ധനാപ്പൂർ റെയിൽവേ ഡിവിഷനിൽ ജോലി ചെയ്തു വരികയുമായിരുന്ന കുറ്റ്യാടി മണ്ഡലത്തിലെ വട്ടോളി സ്വദേശി ലിതാര, ബീഹാറിൽ വച്ച് മരണപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ് ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വെച്ച് പോസ്റ്റമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28.04.2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചിട്ടുള്ളതാണ്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No.185/22 u/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br><br>നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള അപേക്ഷ കായിക യുവജനകാര്യ വകുപ്പിന്റെ പരിശോധനയിലുണ്ട് |

സെക്ഷൻ ഓഫീസർ